**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്ന പദ്ധതിക്ക് വേണ്ടിയാണ്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ - I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കർ ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDITയും കിൻഫ്രയും ഒക്ടോബർ 22, 2020 ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി |

| | | | |
|---|---|---|---|
| | | | വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്. പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDITചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും, NICDIT ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങൾ ഉള്ള Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും. വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്കായി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; ആദ്യ ഘട്ടത്തിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ -I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കർ ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. പാലക്കാട്, എറണാകുളം ജില്ലകളിലെ ഭൂമി ഒറ്റഘട്ടത്തിൽ ഏറ്റെടുക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. |
| (സി) | മലബാറിലെ വ്യവസായ വികസനത്തിന് വേഗത പകരാൻ ഉദ്ദേശിച്ച് കൊണ്ട് കണ്ണൂർ വിമാനത്താവളത്തിന് സമീപം അയ്യായിരം ഏക്കർ ഭൂമി ഏറ്റെടുക്കാൻ കിഫ്ബി ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | മലബാറിലെ വ്യവസായ വികസനത്തിന് വേഗത പകരാൻ ഉദ്ദേശിച്ച് കൊണ്ട് നടപ്പിലാക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | രണ്ടര ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള തലസ്ഥാന നഗര | (ഡി) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കി.മീ. നീളമുള്ള ഔട്ടർ |

| | | | |
|---|---|---|---|
| | പ്രദേശ വികസന പരിപാടിയ്ക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ? | | റിംഗ് റോഡ് നഗരത്തിന്റെ വടക്ക ഭാഗത്ത് നാവായിക്കുളത്തു നിന്ന് ആരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർകോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടി ചേരുന്നു. ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തിലധിഷ്ഠിതവുമായ വികസനമാണ്. 45 മീറ്റർ വീതിയിലുള്ള 4 വരി പ്രധാന വണ്ടിപ്പാത പദ്ധതി ചെലവിന്റെ 100% വും സ്ഥലമേറ്റെടുക്കലിന്റെ 50% വും വഹിച്ചുകൊണ്ട് NHAI വികസിപ്പിക്കുന്നതാണ്. സ്ഥലമേറ്റെടുക്കലിന്റെ 50% വും GST ഇളവും, സർവ്വീസ് റോഡുകളുടെ നിർമ്മാണചെലവും സ്ഥലമേറ്റെടുക്കലിന്റെ ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി.മി. നീളത്തിൽ ഏകദേശം 400 സ്ക്വയർ കി.മി. തുടർച്ചയായുള്ള സ്ഥലം പ്രത്യേക നിക്ഷേപ മേഖലയായി (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്കായി ഒരു പ്രത്യേക നിയമനിർമ്മാണം (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ (SIR) ആക്ട് ) നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വില്ലേജ് | വിസ്തീർണ്ണം (ഏക്കറിൽ) | മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പട്ടാന്നൂർ കിഴല്ലൂർ കോളാരി | 53.90 | മട്ടന്നൂർ | 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.<br>എൽ.എ.ഒ ആവശ്യപ്പെട്ട തുക 19(1) പ്രഖ്യാപനത്തിനായി നല്കിയിട്ടുണ്ട്.<br>RR Package അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2. | പട്ടാന്നൂർ കിഴല്ലൂർ | 500.00 | മട്ടന്നൂർ | 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.<br>എൽ.എ.ഒ 19(1) പ്രഖ്യാപനത്തിനായി ആവശ്യപ്പെട്ട തുക ലഭ്യമാക്കുന്നതിനുള്ള നടപടിയിലാണ്. |
| 3. | കിഴല്ലൂർ പട്ടുവിലായി അഞ്ചരക്കണ്ടി | 497.47 | മട്ടന്നൂർ /ധർമ്മടം | 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു |
| 4. | പടിയൂർ കല്ല്യാട് | 708.60 | മട്ടന്നൂർ | 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു |
| 5. | കൂടാളി പട്ടാന്നൂർ | 313.81 | മട്ടന്നൂർ | 11(1)വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയിലാണ്. |
| 6. | കൂടാളി പട്ടാന്നൂർ | 1029.38 | മട്ടന്നൂർ | സാമൂഹ്യാഘാതപഠന റിപ്പോർട്ട് ജില്ലാകളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |
| 7. | കോളാരി | 168.65 | മട്ടന്നൂർ | സാമൂഹ്യാഘാതപഠന റിപ്പോർട്ട് ജില്ലാകളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |
| 8. | കോളാരി | 876.73 | മട്ടന്നൂർ | സാമൂഹ്യാഘാതപഠന റിപ്പോർട്ട് ജില്ലാകളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |
| | **ആകെ** | **4148.54** | | |

**സെക്ഷൻ ഓഫീസർ**